**പതിമൂന്നാം കേരള നിയമസഭ**
**ഒമ്പതാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 783

12.06.2013 ൽ മറുപടിക്ക്

**മാവേലിക്കര മണ്ഡലത്തിലെ പദ്ധതികൾ**

| | ചോദ്യം<br>ശ്രീ ആർ. രാജേഷ് | | മറുപടി<br>ശ്രീ.പി.ജെ.ജോസഫ്<br>(ജലവിഭവവകുപ്പ് മന്ത്രി) |
|---|---|---|---|
| (എ) | ചാരുംമൂട്ടിൽ നിന്ന് താമരക്കുളത്തേക്കുള്ള കല്ലട ജലസേചന കനാലിന്റെ നിർമ്മാണം ഉടൻ പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; | (എ) | ചാരുംമൂട്ടിൽ നിന്ന് താമരക്കുളത്തേക്കുള്ള കല്ലട ജലസേചന കനാലിന്റെ നിർമ്മാണം ഉടൻ പൂർത്തീകരിക്കുന്നതിനുള്ള എസ്റ്റിമേറ്റ് തയ്യാറാക്കി വരുന്നു. |
| (ബി) | പ്രസ്തുത പ്രവൃത്തിക്ക് ആവശ്യമായ തുക അനുവദിക്കുമോ; | (ബി) | എസ്റ്റിമേറ്റ് പൂർത്തിയാകുന്ന മുറയ്ക്ക് ഭരണാനുമതി നൽകുന്ന കാര്യം പരിഗണിക്കു ന്നതാണ്. |
| (സി) | മാവേലിക്കര കോട്ടത്തോട് നവീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; | (സി) | സ്വീകരിക്കുന്നതാണ്. |
| (ഡി) | കുട്ടനാട് പാക്കേജിൽ ഉൾപ്പെട്ടിട്ടുള്ള മാവേലിക്കര മണ്ഡലത്തിലെ ജലവിഭവ വകുപ്പിന്റെ കീഴിലുള്ള പദ്ധതികളുടെ ടെൻഡർ നടപടികൾ പൂർത്തീകരിച്ചിട്ടുണ്ടോ; ഏതൊക്കെ പദ്ധതികളുടെ ടെൻഡർ പൂർത്തീകരിച്ചിട്ടുണ്ട്; ഇനി പൂർത്തീകരിക്കാനുള്ളവയുടെ ടെൻഡർ നടപടി ഉടൻ പൂർത്തീകരിക്കുമോ? | (ഡി) | മാവേലിക്കര നിയോജക മണ്ഡലത്തിലെ കുട്ടനാട് പാക്കേജിന്റെ ഓണാട്ടുകര വാട്ടർ ഷെഡ്ഡിൽ ഉൾപ്പെട്ട റ്റി.എ.കനാൽ നോർത്ത്, റ്റി.എ.കനാൽ സൗത്ത്, അമ്മഞ്ചേരി, പുതുച്ചിറ, പൂവത്തൂർ, താഴക്കര, വള്ളിക്കുന്നം എന്നീ വാട്ടർഷെഡ്ഡുകളുടെ പ്രവൃത്തികൾ ടെൻഡർ ചെയ്ത് അന്തിമ അംഗീകാരത്തിനായി സർക്കാർ പരിഗണനയിലാണ്. പെരുവേലിൽച്ചാൽ, വെട്ടിക്കോട് എന്നിവയുടെ ടെൻഡർ പൂർത്തീകരിച്ച ശേഷം പ്രീ-ക്വാളിഫിക്കേഷൻ പ്രമാണങ്ങൾ അംഗീകാരത്തിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. കരിങ്ങാലിച്ചാൽ വാട്ടർഷെഡ്ഡിന്റെ എസ്റ്റിമേറ്റിന് സാങ്കേതിക അനുമതി നൽകുവാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

**സെക്ഷൻ ഓഫീസർ**